**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700** **06-12-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിൽ കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള പുതിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതടക്കമുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി ആരംഭിച്ച കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കയർ വികസന വകുപ്പിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ കയർ ഭൂവസ്ത്ര പദ്ധതി മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിയതിന്റെ ഫലമായി ചകിരി, കയർപിരി, കയറുല്പന്ന മേഖലകളിൽ കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കയർ മേഖലിയിൽ ആധുനികവത്കരണം നടപ്പാക്കുന്നതിന്റെ പുരോഗതി എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (ബി) | സമ്പൂർണ്ണ യന്ത്രവൽക്കരണത്തിലൂടെ കയർ മേഖലയെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 140 കയർ സഹകരണ സംഘങ്ങളിലായി 1493 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ നാളിതുവരെ സ്ഥാപിച്ചിട്ടുണ്ട്. 26000 ഇ-റാട്ടുകൾ കയർ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി 2015-16 ൽ 7880 ടൺ മാത്രമായിരുന്ന കയറുല്പാദനം 2021-22 ൽ 18662 ടണ്ണായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. പ്രതിദിനം 8000 മുതൽ 100000 തൊണ്ടുവരെ ചകിരിയാക്കാൻ കഴിയുന്ന 130 ഡീ ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരിയുല്പാദന ശേഷി ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉല്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചു കൊണ്ട് ഓട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ